Draft #1 of File 46514/EA2 SO/2020/EA 2 Approved by ASSISTANT REGISTRAR XI (EXAM) on 25-Sep-2020 10:48 AM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

സർവകലാശാല പരീക്ഷകൾ - പ്രൈവറ്റ് രജിസ്ട്രേഷൻ ബിരുദ പരീക്ഷകളുടെ അടിയന്തിര ഫല പ്രഖ്യാപനവുമായി ബന്ധപ്പെട്ട് ഡാറ്റാ എൻട്രി ജോലികൾക്കായി പ്രത്യേക ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നത് - അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പരീക്ഷാ വിഭാഗം എ 2 സെക്ഷൻ**

നമ്പർ. 4271/EA 2/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 25.09.2020

---

*പരാമർശം:*-1. 18.09.2020 തീയതിയിൽ പ്രോ വൈസ് ചാൻസലറുടെ ഓഫീസിൽ, പരീക്ഷാ കാര്യങ്ങൾക്കായി ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.

2. വൈസ് ചാൻസലറുടെ 23.09.2020 തീയതിയിലെ ഉത്തരവ്.

**<u>ഉത്തരവ്</u>**

പരീക്ഷാ കാര്യങ്ങൾക്കായി 18.09.2020 തീയതിയിൽ പ്രോ വൈസ് ചാൻസലറുടെ ഓഫീസിൽ ചേർന്ന യോഗം ചുവടെ ചേർത്തിരിക്കുന്ന ശിപാർശകൾ രൂപപ്പെടുത്തിയിരുന്നു.

1. പ്രൈവറ്റ് രജിസ്ട്രേഷൻ ബിരുദ (സെമസ്റ്റർ 1,2) പരീക്ഷകളുടെ ഫലങ്ങൾ അടിയന്തിരമായി തയ്യാറാക്കുന്നതിനായി മാനേജ്മെന്റ് സ്റ്റഡീസ്/ ഡാറ്റാ സെന്റർ / ഹൈ പെർഫോർമൻസ് കമ്പ്യൂട്ടിങ് സെന്റർ -ൽ 18.09.2020 മുതൽ തയ്യാറാക്കിയിട്ടുള്ള പ്രത്യേക ടാബുലേഷൻ/ ഡാറ്റാ എൻട്രി സംവിധാനം കാര്യക്ഷമമായി ഓഫീസ് സമയക്ലിപ്തത്തിനുപരിയായി നടത്താവുന്നതാണ്.

2. ടി സംവിധാനത്തിൽ നിയോഗിക്കപ്പെട്ടിട്ടുള്ളവർ എല്ലാ പ്രവൃത്തി ദിവസങ്ങളിലും അവധി ദിവസങ്ങളിലും ഹാജരാകുവാൻ നിർദ്ദേശിക്കാവുന്നതാണ്.

3. ഇപ്പോൾ നിയോഗിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥരെ കൂടാതെ ആവശ്യമായി വരുന്ന സന്ദർഭത്തിൽ കൂടുതൽ ഉദ്യോഗസ്ഥരെ ടി സംവിധാനത്തിലേക്ക് നിയോഗിക്കാവുന്നതാണ്.

4. ബി.കോം, ബി.എ ടാബുലേഷൻ സെക്ഷനുകളിൽ പ്രവൃത്തിയെടുക്കുന്നതിനോടൊപ്പം ടി പ്രത്യേക സംവിധാനത്തിൽ കൂടി എല്ലാ പ്രവൃത്തി ദിവസങ്ങളിലും അവധി ദിവസങ്ങളിലും പ്രവർത്തിക്കുന്നതിനായി 17.09.2020- ലെ സി.ഇ.301/48/2020 ഓഫീസ് ഉത്തരവ് പ്രകാരം നിയോഗിക്കപ്പെട്ടിട്ടുള്ളവർക്ക് ക്രമപ്രകാരമുള്ളതും പരീക്ഷാ ക്യാമ്പ് വ്യവസ്ഥകൾക്ക് വിധേയമായും നിശ്ചിത ദിവസങ്ങളിലേക്ക് പ്രതേക ഡി.എ അനുവദിക്കാവുന്നതാണ്.ടി സംവിധാനത്തിൽ പ്രവർത്തിയെടുക്കുന്ന മറ്റ് സ്ഥിരം ജീവനക്കാർക്ക് അവധി ദിവസങ്ങളിൽ ഹാജരാകുന്നതിന് ക്രമപ്രകാരം കോംപൻസേറ്ററി ലീവ് അനുവദിക്കാവുന്നതാണ്.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

5. അവധി ദിവസങ്ങളിലും അധിക സമയങ്ങളിലും പ്രവൃത്തി ചെയ്യുന്ന താൽക്കാലിക / ദിവസക്കൂലിയടിസ്ഥാനത്തിൽ നിയോഗിക്കപ്പെട്ടവർക്ക് അർഹമായ പ്രതിഫലം ക്രമപ്രകാരം അനുവദിക്കാവുന്നതാണ്.

മേൽ ശിപാർശകൾ പരാമർശം (2) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ചു. തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീകൃഷ്ണകുമാർ ജി

അസിസ്റ്റന്റ് രജിസ്ട്രാർ 11 (പരീക്ഷ)
പരീക്ഷ കൺട്രോളർക്കു വേണ്ടി

പകർപ്പ്

1. യോഗത്തിൽ പങ്കെടുത്തവർ
2. വൈസ് ചാൻസലർ / പ്രോ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ / ഫിനാൻസ് ഓഫീസർ / പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ മാർ
4. എല്ലാ ജെ.ആർ / ഡി.ആർ / എ.ആർ (പരീക്ഷ)
5. സി.ഇ സെക്ഷൻ / എ.സി.സി I / II
6 . എക്സാം ഓഡിറ്റ് I / II
7 . ഐ.ക്യൂ.എ.സി / കൺഡക്റ്റ് മാനേജ്മെൻറ് സെക്ഷൻ
8 . സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

ഫയൽ നം. 46514/EA 2 SO/2020/EA2

Draft #1 of File 46514/EA2 SO/2020/EA 2 Approved by ASSISTANT REGISTRAR XI (EXAM) on 25-Sep-2020 10:48 AM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം